**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 827** **06-12-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഉഴവൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കല്ലട കോളനി നിവാസികൾക്ക് ഹൗസിംഗ് ബോർഡിൽ നിന്നും സ്ഥലം എഴുതി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഉഴവൂർ ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ (പെറ്റീഷൻ നമ്പർ ഇ/6245256/2022) എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിച്ചാൽ സർക്കാരിന് സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന റവന്യൂ നഷ്ടം സംബന്ധിച്ച ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കുന്നതിനു വേണ്ടിയുള്ള അടിയന്തിര റിപ്പോർട്ട് ലഭ്യാക്കുവാൻ കോട്ടയം ജില്ലാ രജിസ്ട്രാറോട് (ജനറൽ) 30/07/2022 തീയതിയിൽ RR(4) – 4309/2022 നമ്പർ കത്ത് മുഖാന്തിരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ജില്ലാ രജിസ്ട്രാർക്ക് നൽകിയ കത്തിന്മേൽ ജില്ലാ രജിസ്ട്രാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇതിന്മേലുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; | (ബി) | ധനകാര്യമെമ്മോറാണ്ടം തയ്യാറാക്കുന്നതിലേക്ക് ആവശ്യമായ ആധികാരികവും, വസ്തുനിഷ്ഠവുമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി ഹൗസിംങ് ബോർഡ് കോട്ടയം ഡിവിഷൻ, ഉഴവൂർ വില്ലേജ് ഓഫീസർ എന്നിവരിൽ നിന്നും കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലാ രജിസ്ട്രാറിൽ നിന്നുമുള്ള റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭ്യമായിട്ടില്ല. |
| (സി) | ഇതു സംബന്ധിച്ച് നികുതി വകുപ്പിന്റെ ഫയൽ ജെ.1/20/2022 ൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഈ വിഷയം TAX-J1/130/2022-TAX എന്ന ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ